## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1808 — 21.1.2014-ൽ മറുപടിക്ക്

### ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി കെ. എസ്. സലീഖ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്താൻ ഇപ്പോൾ കഴിയാതെ വന്നിട്ടുള്ളതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | എ) ശുചിത്വ മിഷന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടന്നു വരികയാണ്. |
| ബി) കേന്ദ്രസർക്കാർ ശുചിത്വമിഷൻ വഴിയുള്ള പ്രവർത്തനങ്ങൾക്ക് നടപ്പുവർഷം (നിർമ്മൽ ഭാരത് അഭിയാൻ ഉൾപ്പെടെ) എന്തു തുക സംസ്ഥാനത്തിന് അനുവദിച്ചു ; അതിൽ നാളിതുവരെ എന്തു തുക ചെലവഴിച്ചു; | ബി) നടപ്പുവർഷം നിർമൽ ഭാരത് അഭിയാൻ പദ്ധതിയുടെ ഭാഗമായി കേന്ദ്ര സർക്കാർ നാളിതുവരെ ആകെ 2150.60 ലക്ഷം രൂപ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. തൻ വർഷത്തെ കേന്ദ്ര വിഹിതത്തിലെ പ്രാരംഭ ബാക്കി സഹിതം 31.12.2013 വരെ ആകെ 1384.20 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. മറ്റൊരു കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.എൽ.സി.എസ് പദ്ധതിയുടെ ഭാഗമായി കേന്ദ്ര സർക്കാരിൽ നിന്നും നടപ്പുവർഷം 375 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത തുക നഗരസഭകൾ മുഖേന ചെലവഴിക്കാൻ നടപടിയായിട്ടുണ്ട്. |
| സി) ശുചിത്വമിഷൻ പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാർ നടപ്പുവർഷം എന്തു തുക വകയിരുത്തി; അതിൽ നാളിതുവരെ എന്തു തുക ചെലവഴിച്ചു; വ്യക്തമാക്കുമോ ; | സി) നിർമൽ ഭാരത് അഭിയാൻ പദ്ധതി ഉൾപ്പെടെ ശുചിത്വ മിഷൻ പ്രവർത്തനങ്ങൾക്ക് നടപ്പുവർഷം 9185 ലക്ഷം രൂപ സംസ്ഥാന സർക്കാർ വിഹിതമായി വകയിരുത്തിയതിൽ 5464 ലക്ഷം രൂപ (എൻ ബി എ 4000 ലക്ഷം + മറ്റുള്ളവ 1464 ലക്ഷം) ലഭിച്ചിട്ടുണ്ട്. അതിൽ 15.01.2014 വരെ 1608.29 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| ഡി) നിലവിൽ ശുചിത്വമിഷൻ പ്രവർത്തനങ്ങൾക്ക് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാം; തസ്തിക തിരിച്ച് വ്യക്തമാക്കുമോ; എത്ര ഒഴിവുകൾ നില വിലുണ്ട് ; | ഡി) ശുചിത്വ മിഷൻ പ്രവർത്തനങ്ങൾക്ക് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br>1. എക്സിക്യൂട്ടീവ് ഡയറക്ടർ – 1 (അധിക ചുമതല) |

2. ഡയറക്ടർ (ഓപ്പറേഷൻസ്) – 1
3. ഡയറക്ടർ (കുടിവെള്ളം) – 1
4. ഡയറക്ടർ (ഖരമാലിന്യ പരിപാലനം) –1
5. ഡയറക്ടർ (ദ്രവമാലിന്യ പരിപാലനം) – 1 (ഒഴിവ്)
6. പ്രോഗ്രാം ഓഫീസർ (ഹെൽത്ത്) – 1
7. പ്രോഗ്രാം ഓഫീസർ (ട്രെയിനിംഗ്) – 1
8. പ്രോഗ്രാം ഓഫീസർ(മോണിട്ടറിംഗ്) – 1
9. പ്രോഗ്രാം ഓഫീസർ (ഐ.ഇ.സി) – 1 (ഒഴിവ്)
10. ഓഫീസ് കം ഫിനാൻസ് മാനേജർ – 1
11. ജില്ലാ കോ–ഓർഡിനേറ്റർ – 14 (അധിക ചുമതല)
12. അസിസ്റ്റന്റ് ജില്ലാ കോ–ഓർഡിനേറ്റർ (ഐ.ഇ.സി) – 14 – (6 ഒഴിവ്)
13. അസിസ്റ്റന്റ് ജില്ലാ കോ–ഓർഡിനേറ്റർ (ഖരമാലിന്യപരിപാലനം) – 14 – (5 ഒഴിവ്)
14. അസിസ്റ്റന്റ് ജില്ലാ കോ–ഓർഡിനേറ്റർ (അക്കൗണ്ട്സ്) – 14 – (2 ഒഴിവ്)

ഇ) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെഅതതു മേഖലകളിലെ ഖര-ദ്രവ മാലിന്യങ്ങളുടെ സംസ്ക്കരണങ്ങൾക്കായി ശുചിത്വമിഷൻ പ്രവർത്തികൾക്ക് എന്ത് തുക കേന്ദ്ര സംസ്ഥാന സർക്കാരുകൾഅനുവദിച്ചു; എന്തു തുക നാളിതുവരെ ചെലവാക്കി; വ്യക്തമാക്കുമോ ;

ഇ) ഗ്രാമ പ്രദേശത്തെ ഖര–ദ്രവ മാലിന്യ സംസ്ക്കരണത്തിനായി നിർമൽ ഭാരത് അഭിയാൻ (എൻ.ബി.എ.) പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾക്ക് വീടുകളുടെ എണ്ണത്തിനാനുപാതികമായി പ്രോജക്ട് അടിസ്ഥാനത്തിൽ പരമാവധി 20 ലക്ഷം രൂപവരെ ലഭ്യമാകുവാൻ അർഹതയുണ്ട്. ടി പദ്ധതിയുടെ ഭാഗമായ ഒരു ഘടകമാണ് ഖര–ദ്രവ മാലിന്യ പരിപാലനം. പുതുക്കിയ ഖര–ദ്രവ മാലിന്യ പ്രോജക്ടിന്റെ അടങ്കൽ 29600.17 ലക്ഷം രൂപയാണ്. നാളിതുവരെ സംസ്ഥാനത്തിന് നിർമൽ ഭാരത് അഭിയാൻ പദ്ധതിയിൽ ലഭ്യമായിട്ടുള്ള കേന്ദ്ര സംസ്ഥാന വിഹിതമായ ആകെ 16968.71 ലക്ഷം രൂപയിൽ നിന്നും 31.12.2013 വരെ 1430.08 ലക്ഷം രൂപ ഖര–ദ്രവ മാലിന്യ പരിപാലന പ്രോജക്ടുകളുടെ നിർവഹണത്തിനായി ചെലവഴിച്ചിട്ടുണ്ട്.

എഫ്) അംഗനവാടികളുടെ ശുചിത്വ പരിപാലനം, ശിശുസൗഹൃദ ടോയ്‌ലറ്റ് നിർമ്മാണം, വിദ്യാലയ ശുചിത്വ പരിപാടി, വ്യക്തികൾക്ക് കക്കൂസ് നിർമ്മാണം, ആധുനിക അറവുശാലാ നിർമ്മാണം, അക്ഷരമുറ്റം, ശുചിത്വമുറ്റം എന്നീ പ്രവർത്തനങ്ങൾക്കായി നടപ്പു വർഷം ഓരോന്നിനും എന്തു തുകയുടെ കേന്ദ്ര/സംസ്ഥാനസഹായം ശുചിത്വ മിഷന് ലഭിച്ചു; ആയതിൽ നാളിതു വരെ എന്തു തുക ഓരോന്നിനും ചെലവഴിച്ചു;

എഫ്) നടപ്പു സാമ്പത്തിക വർഷത്തിൽ അങ്കണവാടി ശുചിത്വ പരിപാലനം, ശിശു സൗഹൃദ ടോയ്‌ലറ്റ് നിർമ്മാണം, വിദ്യാലയ ശുചിത്വ പരിപാടി, വ്യക്തികൾക്ക് കക്കൂസ് നിർമാണം തുടങ്ങിയ ഘടകങ്ങൾക്കടക്കം ആകെ 1905.37 ലക്ഷം രൂപ (കേന്ദ്ര വിഹിതം 1347.12 സംസ്ഥാന വിഹിതം 558.25 ലക്ഷം രൂപ) സഹായം 31.12.2013 വരെ ശുചിത്വ മിഷൻ മുഖേന പഞ്ചായത്തുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ മേൽ പറഞ്ഞ ഘടകങ്ങൾക്ക് തൻ വർഷം

ഏതെല്ലാം പ്രവൃത്തികൾ പൂർത്തീക രിച്ചു; വിശദമാക്കുമോ;

ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു. (തുക ലക്ഷത്തിൽ)

1) അങ്കണവാടി ടോയ്ലറ്റുകൾ - 9.03

2) വ്യക്തിഗത ഗാർഹിക കക്കൂസ് - 1153.23

3) സ്കൂൾ ടോയ്ലറ്റുകൾ - 19.02

4) അങ്കണവാടി & സ്കൂൾ ശുചിത്വം വിവര വിജ്ഞാന വ്യാപന പ്രവർത്തനം - 12.50

ജി) വിവര- വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷന് നടപ്പു വർഷം എന്തു തുകയുടെ കേന്ദ്ര/സംസ്ഥാന സഹായം ലഭിച്ചു ; ഏതെല്ലാം ( പവർത്തനങ്ങൾക്കായി എന്ത് തുക ചെലവാക്കി; വിശദമാക്കുമോ;

ജി) എൻ.ബി.എ. പദ്ധതി പ്രകാരം ലഭ്യമാകുന്ന തുകയുടെ പരമാവധി 15% വരെ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കാവുന്നതാണ്. തൻവർഷം 31.12.2013 വരെ എൻ.ബി.എ. യുടെ ഘടകമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കായി ആകെ 163.98 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 2.50 ലക്ഷം രൂപ അഡ്വൊക്കസി പ്രവർത്തനങ്ങൾക്കും 112.40 ലക്ഷം രൂപ അന്തർ വ്യക്തി വിവര വിനിമയത്തിനും 22.48 ലക്ഷം രൂപ സാമൂഹിക ശാക്തീകരണ ത്തിനും 16.10 ലക്ഷം രൂപ വിവിധ മീഡിയ വഴിയുളള വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കും 10.50 ലക്ഷം രൂപ ശേഷീവികസനത്തിനും ചെലവഴിക്കപ്പെട്ടിട്ടുണ്ട്.

എച്ച്) ശുചിത്വമിഷൻ പ്രവർത്തനങ്ങൾക്ക് വേണ്ടുന്ന ജീവനക്കാരെ നിയമിച്ച് പ്രവർത്തനം ഫലപ്രദമാക്കാനും ലഭിക്കുന്ന സാമ്പത്തിക സഹായങ്ങൾ ഫലപ്രദമായി ചെലവാക്കാനും എന്തെല്ലാം നടപടികൾ സ്വീകരിക്കും; വ്യക്തമാക്കുമോ?

എച്ച്) ശുചിത്വ മിഷൻ പ്രവർത്തനങ്ങൾക്ക് വേണ്ടുന്ന ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ച് പ്രവർത്തനം ഫലപ്രദമാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. ശുചിത്വ മിഷൻ മുഖേന ത്രിതല പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന സാമ്പത്തിക സഹായങ്ങൾ ഫലപ്രദമായി ചെലവഴിക്കുന്നതിന് മോണിട്ടറിങ്ങ് സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. അതുപോലെ എല്ലാ തലത്തിലുമുളള തദ്ദേശ സ്വയം ഭരണ സ്ഥാപന മേധാവികൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ശുചിത്വ മിഷന്റെ നേതൃത്വത്തിൽ ഓരോ വിഷയ മേഖലയിലും വെവ്വേറെ ശേഷീവികസന പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ